നമ്പർ 13/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പരിശുദ്ധ വലിയനോമ്പിലെ രണ്ടാമത്തെ ഞായറാഴ്ച കുഷ്ഠരോഗികളായ എല്ലാവരെയും ഓർത്ത് പ്രാർത്ഥിക്കുന്ന ഒരു പതിവാണല്ലോ നമുക്കുള്ളത്. ഈ വർഷം അത് ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ സഭയുടെ കുഷ്ഠരോഗികളുടെ ഇടയിലുള്ള മിഷൻ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവരുന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. യാച്ചാരം, ഇറ്റാർസി, കാരാശ്ശേരി, പൂനെ തുടങ്ങിയ സ്ഥലങ്ങളിലെ ബാലികാ-ബാലഗ്രാമുകളിലായി കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത മുന്നൂറിൽപരം കുഞ്ഞുങ്ങൾ വളർത്തപ്പെടുന്നുണ്ട്. കൂടാതെ ബാംഗ്ളൂരിനടുത്ത് കുണിഗൽ എന്ന സ്ഥലത്ത് എയ്ഡ്സ് രോഗികളുടെ കുഞ്ഞുങ്ങൾക്കായുള്ള സെന്റ് ഗ്രീഗോറിയോസ് ദയാഭവൻ, എയ്ഡ്സ് രോഗികൾക്കുവേണ്ടിയുള്ള പാലിയേറ്റീവ് കെയർ സെന്റർ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളേയും അതിലെ അന്തേവാസികളേയും, പ്രവർത്തകരേയും ഓർത്ത് പ്രാർത്ഥിക്കുവാൻ നമുക്ക് കടപ്പാടുണ്ട്.

ഈ വർഷത്തെ ഗർബോ ഞായറാഴ്ച ലോകത്താകമാനമുള്ള കുഷ്ഠരോഗികൾക്കുവേണ്ടി എല്ലാ പള്ളികളിലും പ്രത്യേകം പ്രാർത്ഥന നടത്തണം. അന്നേദിവസത്തെ കാണിക്കയും പ്രത്യേക സംഭാവനകളും The Director, St. Gregorios Balagram, Yacharam P.O (via;) Ibrahimpatnam, R.R. District, A.P.-501509 എന്ന വിലാസത്തിൽ അയച്ചുകൊടുക്കുകയും ചെയ്യണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.

2008 ജനുവരി മാസം 11 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

PDF created with pdfFactory Pro trial version www.pdffactory.com